| 01–04–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ലക്ഷ്യമാകുന്ന സോപ്പുപയോഗിച്ച് ആത്മാവാകുന്ന വസ്ത്രത്തെ ശുദ്ധമാക്കൂ, ഉള്ളിൽ യാതൊരു അഴുക്കും അവശേഷിക്കരുത്.**

**ചോദ്യം:** പുരുഷാർത്ഥി കുട്ടികൾ കർമത്തിന്റെ ഏതു ഗുഹ്യഗതിയെ അറിഞ്ഞാണ് കർമത്തിൽ സദാ തൽപരരായിരിക്കുന്നത്?
**ഉത്തരം:** ആത്മാവിൽ അനേകജന്മങ്ങളുടെ പാപകർമത്തിന്റെ ഭാരമുണ്ട്, അനേക കടുത്ത സംസ്കാരങ്ങളുണ്ട്. ആ സംസ്കാരങ്ങളെ യോഗം കൂടാതെ പരിവർത്തനപ്പെടുത്താൻ സാധിക്കില്ല. ആത്മാവ് പാപകർമം ചെയ്ത് ചെയ്ത് പൂർണ്ണമായും അഴുക്കായി മാറി. അതുകൊണ്ട് ഇതിനെ ശുദ്ധമാക്കാനുള്ള പരിശ്രമം ചെയ്യണം. ഓർമ കൂടാതെ ആത്മാവ് ശുദ്ധമാകില്ല. ഓർമയിൽ കൊടുങ്കാറ്റുകളും വരും. എന്നാൽ എത്ര തന്നെ കൊടുങ്കാറ്റുകൾ വന്നാലും അവർ പുരുഷാർഥത്തിൽ സദാ മുഴുകിയിരിക്കും.

**ഗീതം:** ഞാൻ ഒരു കൊച്ചുകുട്ടിയാണ്. . . . . . . .

**ഓം ശാന്തി**. ഇപ്പോൾ ആരാര് വന്ന് ബാബയുടെ കുട്ടികളായി മാറിയോ അവർ സ്വയം തന്നെ പറയുന്നു–ഹേ ബാബ, ഞാനിപ്പോൾ പുതിയ ചെറിയ കുട്ടിയാണ്. ചിലർ ഒരു മാസത്തേതാണ്, ചിലർ എട്ടു ദിവസത്തേതാണ്. ഇവിടെയാണെങ്കിൽ എല്ലാവരും ചെറിയ കുട്ടികളല്ലേ, പുതിയ കുട്ടികൾ പറയും ഞങ്ങൾ ചെറിയ കുട്ടികളാണ്. ചിലർ 20 വർഷത്തേതായിരിക്കും, ചിലർ 15 വർഷത്തേതായിരിക്കും. വർധനവുണ്ടായിക്കൊണ്ടിരിക്കുന്നു. പറയും, കുട്ടിയായി മാറി, പക്ഷേ ചെറിയ കുട്ടിയാണ്. ഞങ്ങൾക്കും ഞങ്ങളുടെ സമ്പത്തു തരൂ അഥവാ ഞങ്ങളുടെ മേലും ജ്ഞാനവർഷം ചെയ്യൂ. ജ്ഞാനവർഷം ചെയ്യുകയല്ലേ. ബ്രഹ്മാവിനെ ഭാഗ്യശാലി രഥമെന്നു പറയുന്നു. ബ്രഹ്മാവ് ജ്ഞാനഗംഗ കൊണ്ടുവന്നു, അഥവാ ജ്ഞാനാമൃതം കൊണ്ടുവന്നു. ബ്രഹ്മാവിന് ധാരാളം പേരുകളുണ്ട്. ഭഗീരഥനുമാണ്, അർജുനനുമാണ്, ദക്ഷപ്രജാപതിയെന്നും പറയുന്നു. ഒരേയൊരു പ്രജാപിതാവ് എല്ലാവർക്കും ലക്ഷ്യം നൽകുന്നു. ധാരാളം കുട്ടികൾ വരുന്നുണ്ട്. അവരുടെ വസ്ത്രം പൂർണമായും അഴുക്കുമാണ്, പഴയതുമാണ്, ചിലരുടെ വസ്ത്രം എങ്ങനെയാണ്, ചിലരുടേത് എങ്ങനെയാണ്! ചിലരുടേത് ഇങ്ങനെ ജീർണിച്ചതാണ്–അലക്കുന്നതിലൂടെ പാടെ കീറിപ്പോകുന്നു. ബാബ പറയുന്നു–ഈ അലക്കുകടവ് എത്ര വർഷമായി നടന്നുകൊണ്ടിരിക്കുകയാണ്. വസ്ത്രം അലക്കിക്കൊണ്ടേ വന്നു. ചിലർ നല്ലവരായി മാറി. ചിലരാണെങ്കിൽ എത്ര തന്നെ ശുദ്ധമാക്കിയാലും വീണ്ടും വീണ്ടും അഴുക്കിന്മേൽ അഴുക്കായി തന്നെ ഇരിക്കുന്നു. ജ്ഞാനത്തിന്റെ വടി കൊണ്ട് ശക്തിയായി അടിക്കുമ്പോൾ കീറിപ്പോകുന്നു. വിട്ടുപോകുന്നു. ആര് ശുദ്ധമാകുന്നില്ലയോ, ശുദ്ധമായി മാറി മറ്റുള്ളവരെയും ശുദ്ധമാക്കി മാറ്റുന്നില്ലയോ മനസിലാക്കിക്കൊളൂ അവരുടെ ഭാഗ്യത്തിലില്ല എന്ന്. ആരാണോ സ്വയം നല്ലവരായി മാറുന്നത് അവർ മറ്റുള്ളവരുടെയും വസ്ത്രം അലക്കിക്കൊണ്ടിരിക്കുന്നു. ഇത് അലക്കുകടവാണ്. ആത്മാവ് പവിത്രമായി മാറുന്നതിലൂടെ ശരീരവും പവിത്രമായത് ലഭിക്കുന്നു. കറുത്തതിൽ നിന്ന് വെളുത്തവരായി മാറുന്നു. ഈ സമയം എല്ലാവരും കറുത്തവരാണ്. ബാബ വന്നിരിക്കുന്നത് പൂർണമായും രാജാക്കന്മാരുടെയും രാജാവാക്കുന്നതിനാണ്. എന്തുകൊണ്ടെന്നാൽ എല്ലാവരും പാപാത്മാക്കളാണ്. ഈ ജന്മത്തിലെയാണെങ്കിൽ അറിയാൻ സാധിക്കും, മുൻ ജന്മത്തിലേത് അറിയുകയില്ല. മനസിലാക്കിക്കൊടുത്തിട്ടും മനസിലാക്കുന്നില്ല. പരിവർത്തനപ്പെടുന്നില്ലെങ്കിൽ മനസിലാക്കിക്കൊള്ളു– ഒരുപക്ഷേ മുമ്പ് പതീതമായിരിക്കും. അതുകൊണ്ട് സംസ്കാരം പരിവർത്തനപ്പെടുന്നില്ല. ചൂടുള്ള ദോശച്ചട്ടിയിൽ വെള്ളമൊഴിക്കുന്നതിലൂടെ വറ്റിപ്പോകുന്നതുപോലെ.

ഭഗവാൻ വന്ന് ലക്ഷ്യമാകുന്ന സോപ്പ് കൊണ്ട് വൃത്തിയാക്കുന്നു. ഓരോരുത്തരുടെയും നാഡി നോക്കുന്നു. ബാബ പൂർണമായും മനസിലാക്കിത്തരുന്നു– കുട്ടികളേ, എന്നെ ഓർമിക്കുന്നതിലൂടെ ആത്മാവ് പവിത്രമായിത്തീരുന്നു. നഷ്ടോമോഹയാകണം. ബാബ അതിസ്നേഹിയാണ്, ദ്വാപരയുഗം മുതൽ അരകല്പം ഭക്തർ ഭക്തി ചെയ്തു. അവർ തന്നെയാണ് പിന്നീട് ദേവീദേവതയായി മാറുന്നത്. അറിയാൻ സാധിക്കുന്നു. ബാബയും പറയുന്നു–എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും എന്നെ ഓർമിക്കൂ. കുമാർ കുമാരിയുടെ എൻഗേജ്മെന്റ് കഴിഞ്ഞാൽ പരസ്പരം ഓർമിക്കാറുള്ളതുപോലെ. ഇവിടെയാണെങ്കിൽ സാജനെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. സ്വർഗത്തിന്റെ അധികാരിയാക്കിമാറ്റുന്ന സാജനെ ഓർമിക്കുന്നില്ല. ഇങ്ങനെ വേറൊരാൾക്കും പറയാൻ സാധിക്കില്ല– ഞാൻ കല്പം മുമ്പെന്നതുപോലെ അജാമിലിനെപ്പോലെ പാപാത്മാക്കളെയും പരിവർത്തനപ്പെടുത്താൻ വന്നിരിക്കുകയാണ്. ചിലരുടെ വസ്ത്രം നല്ലതാണ്, ചിലരുടെ അഴുക്കാണ്. സ്ത്രീ പറയുന്നു– ബാബാ, ബാബാ, ഞങ്ങളെ പവിത്രവും ശുദ്ധവുമാക്കി മാറ്റൂ. പുരുഷൻ പറയുന്നു–എനിക്കാണെങ്കിൽ വികാരം കൂടാതെ ഇരിക്കാൻ കഴിയില്ല. വഴക്കുണ്ടാകുന്നു. അബലകളുടെ

മേൽ എത്ര അത്യാചാരങ്ങളാണുണ്ടാവുന്നത്! ആര് പവിത്രമായി മാറുന്നില്ലയോ, അവർ എത്രയാണ് വിഘ്നമിടുന്നത്! സന്യാസിമാരെ ആർക്കും തടഞ്ഞുനിർത്താൻ സാധിക്കില്ല. ഗവൺമെന്റിനു പോലും പറയാൻ സാധിക്കില്ല-നിങ്ങളുടെ കുട്ടികളെ ആര് സംരക്ഷിക്കും. ഇവിടെയാണെങ്കിൽ ഇതിന്റെ മേൽ വഴക്കുണ്ടാകുന്നു. ഒരാൾ പവിത്രമായി മാറുന്നു, അടുത്തയാൾ അജാമിലിനെപ്പോലെ പാപിയായിരിക്കുന്നു. ആരാണ് പക്കാ നിശ്ചയബുദ്ധിയുള്ളവർ അവർ ആരെക്കുറിച്ചും ചിന്തിക്കില്ല, പൂർണമായും നഷ്ടോമോഹയായി മാറുന്നു. ചക്രവർത്തി പദവിയെപോലും തട്ടിമാറ്റുന്നു. ഭക്തിമാർഗത്തിൽ മീരയുടെ ഉദാഹരണമുണ്ട്. ഭക്തിമാർഗത്തിൽ ഇങ്ങനെ ധാരാളം പേരുണ്ട്. ഇവിടെയാണെങ്കിൽ പ്രയാസപ്പെട്ടാണ് ഇങ്ങനെയാകുന്നത് . അതെ, ഇങ്ങനെയുമുണ്ടാകും, പറയും ഞങ്ങൾക്കു പവിത്രമായി മാറണം, പെട്ടെന്നു പറയും-ഞങ്ങൾക്കു ചക്രവർത്തിപദവിയെക്കുറിച്ച് ചിന്തയൊന്നുമില്ല-ഏതുപോലെ ആ രാജാക്കന്മാർക്ക് റാണിമാരെപ്പറ്റി ചിന്തയൊന്നുമുണ്ടായിരുന്നില്ല, ഉപേക്ഷിച്ചു. അതേപോലെ ഇപ്പോൾ രാജാക്കന്മാരെ കുറിച്ച് ചിന്തയുണ്ടാകാത്ത റാണിമാരും വരും. മതി, ഞങ്ങളാണെങ്കിൽ സ്വർഗത്തിന്റെ അധികാരികളായി മാറുന്നു. ഭക്തിമാർഗത്തിൽ സന്യാസം ചെയ്ത രാജാക്കന്മാരുടെ പേരുണ്ട്. ഇപ്പോഴാണെങ്കിൽ ഇതു ജ്ഞാനമാർഗമാണ്. ഓരോരുത്തർക്കും മനസിലാക്കാൻ സാധിക്കും -നമ്മൾ എത്രത്തോളം അലക്കുകാരായി മാറി. എന്തുകൊണ്ട് നല്ല അലക്കുകാരായി മാറിക്കൂടാ. അലക്കുകാരിലും നമ്പർവാറുണ്ടല്ലോ. വിദേശത്തും വസ്ത്രമലക്കുന്നതിനു വേണ്ടി അയയ്ക്കുമ്പോൾ അവർ വളരെ നല്ല രീതിയിൽ അലക്കുന്നു. ഇവിടെയും ഇങ്ങനെയാണ്. ചിലർ പെട്ടെന്നു ശുദ്ധമായി ശ്രീമത്തിലൂടെ നടക്കുന്നു. പാവനമാകുന്നു. മറ്റുള്ളവരെയും ആക്കിമാറ്റുന്നു. പുരുഷൻ പവിത്രമായി മാറുന്നില്ലെങ്കിൽ സ്ത്രീക്ക് എത്ര സഹിക്കേണ്ടി വരുന്നു. ഇന്നത്തെ കാലത്ത് പ്രത്യേക ശ്രദ്ധ വെക്കണം, ഓരോ മനുഷ്യരും അഞ്ചു ഭൂതങ്ങൾക്ക് വശീഭൂതരാകുന്നു. ക്രോധത്തിനു വശപ്പെട്ടും വളരെ നഷ്ടങ്ങളുണ്ടാക്കുന്നു. പറയുന്നു-ബാബാ ഞങ്ങൾ വളരെ പരവശരായിപ്പോയി , ദേഹാഹങ്കാരം വരുന്നു. ദേഹാഹങ്കാരം വരുന്നതിലൂടെ ബാക്കി എല്ലാ വികാരങ്ങളും വരുന്നു. സ്വയത്തെ ദേഹിയെന്നു മനസിലാക്കി ബാബയെ ഓർമിക്കുന്നില്ലെങ്കിൽ രജിസ്ററർ മോശമാകും. മനസിൽ കൊടുങ്കാറ്റുകൾ വരും. പക്ഷേ കർമേന്ദ്രിയങ്ങളിലൂടെ ചെയ്യരുത്.

ബാബ പറയുന്നു- വിശ്വത്തിന്റെ അധികാരിയായി മാറുക അമ്മായിയുടെ വീട്ടിൽ പോകുന്നതു പോലെ എളുപ്പമല്ല. ലക്ഷ്മീനാരായണൻ സ്വർഗത്തിന്റെ അധികാരിയായി മാറിയെങ്കിൽ തീർച്ചയായും പുരുഷാർഥം ചെയ്തിട്ടുണ്ടാവുമല്ലോ. ബാബ സ്വർഗത്തിലേക്ക് രാജാവും റാണിയുമാക്കി മാറ്റുമ്പോൾ ബാബയുടെ ശ്രീമത്തിലൂടെ നടക്കണം. ഒരു ബാബയുടെ തന്നെയാണ് ശ്രീമതം. ബാക്കിയെല്ലാം ഭൂതമതമാണ്. ശ്രീമതത്തെ മറന്നാൽ ഈ ഭൂതം വരും. പെട്ടെന്നു മായ യുദ്ധം ചെയ്ത് തല താഴ്ത്തിക്കുന്നു. സ്വയത്തെ നോക്കണം-എന്നിൽ എത്ര മാത്രം അഴുക്കുണ്ട്? നല്ല കുട്ടികൾ കുമാരക തുടങ്ങിയവരാണ്...സേവനം ചെയ്തുകൊണ്ടിരിക്കുന്നു..കുട്ടികൾ അഴുക്കായ വസ്ത്രത്തെ അലക്കി അഞ്ചു വികാരങ്ങളുടെ മേൽ വിജയിയായി മാറുന്നു. ആർക്കെങ്കിലും കാമത്തിന്റെ വികാരം വന്നുവെങ്കിൽ പൂർണമായും പേര് മോശമാക്കുന്നു. അഴുക്കായി മാറിയെങ്കിൽ അവരെ ബി. കെ യെന്നു പറയില്ല. അവരുടെ രജിസ്റ്റർ പൂർണമായും മോശമാക്കുന്നു. ബാബ ശുദ്ധമാക്കുന്നതിന് വേണ്ടി എത്രയാണ് അലക്കുന്നത്. ബാബ പറയുന്നു-ബാബയെ ഓർമിക്കുകയാണെങ്കിൽ വസ്ത്രം ശുദ്ധമാകും ഇല്ലെങ്കിൽ ഭൂതങ്ങൾ വന്നുകൊണ്ടിരിക്കും. ധാരണയുണ്ടാകുന്നില്ലെങ്കിൽ മനസിലാക്കിക്കോളൂ എന്നിൽ വളരെയധികം അഴുക്കുണ്ട്. മുൻ ജന്മങ്ങളിൽ നമ്മൾ വളരെയധികം അഴുക്കുള്ളവരായിരിക്കാം. പുരുഷാർഥം ചെയ്യുന്നില്ലെങ്കിൽ മോശമായിത്തന്നെയിരിക്കും. യോഗിയായി മാറില്ല. നിങ്ങളിവിടെ വന്നിരിക്കുന്നത് യോഗ്യരായി മാറുന്നതിനു വേണ്ടിയാണ്. നല്ല വസ്ത്രമാണെങ്കിൽ സൂര്യവംശിയോ ചന്ദ്രവംശിയോ ആയിമാറും. ബാബ ഇപ്പോൾ പരിധിയില്ലാത്ത വിശാലബുദ്ധി നൽകി മുഴുവൻ ലോകത്തിന്റെ ചക്രത്തെയും നിങ്ങൾ മനസിലാക്കി. മനുഷ്യർ പറയുന്നു-അല്ലയോ പതീതപാവനാ. തീർച്ചയായും പതീതപാവനൻ ഒന്നു മാത്രമായിരിക്കും. പതീതപാവനനെ തന്നെയാണ് സ്വർഗസ്ഥനായ പിതാവെന്നു പറയുന്നത്. ബാബ നിരാകാരനാണ്. ഈ അലക്കുകടയുണ്ടായിട്ടു 5000വർഷമായി. ബാബ പറയുന്നു- ഓരോ 5000 വർഷങ്ങൾക്കു ശേഷം അലക്കുകട ഭാരതത്തിൽ തന്നെയാണുണ്ടാക്കുന്നത്. ഈ യോഗത്തിലൂടെ നിങ്ങൾ സദാ പവിത്രമായി മാറും. പിന്നീട് 21 ജന്മം നിങ്ങൾ പതീതമായി മാറുന്നില്ല. അവിടെ മായയേയില്ല. പാവനമായി മാറാതെ വൈകുണ്ഠത്തിൽ പോകാൻ സാധിക്കില്ല. പ്രജകൾ ധാരാളമുണ്ടാകുന്നു. എന്നാൽ ഇതിൽ തൃപ്തരാകരുത്.

പാടാറുണ്ട്-അങ്ങ് മാതാവും പിതാവുമാണ്, ഞങ്ങൾ അങ്ങയുടെ മക്കളാണ്. അങ്ങയുടെ കൃപയിലൂടെ രാജപദവിയുടെ സുഖം പ്രാപ്തമാക്കുന്നു. പ്രജാപദവിയുടെയല്ല. ഇതാണെങ്കിൽ ദു:ഖധാമമാണ്. ഒരുപക്ഷേ

ധനവാനാകാം, എന്തുകൊണ്ടെന്നാൽ നല്ല കർമം ചെയ്തു. ഇത് ലൗകികരാജപദവിയാണ്. സ്വർഗത്തിന്റേത് പാരലൗകിക രാജപദവിയാണ്. രണ്ടും എങ്ങനെയാണ് ലഭിക്കുന്നത്. ഇതും നിങ്ങൾ കുട്ടികൾക്കറിയാം. ബാബ പറയുന്നു- എന്റെ ശ്രീമതത്തിലൂടെ നടക്കുന്നതിലൂടെ 21 ജന്മം ശിക്ഷകൾ ലഭിക്കില്ല. ജോലികളെല്ലാമുപേക്ഷിച്ച് ഇവിടെ വന്നിരിക്കണമെന്നില്ല. കുട്ടികളുടെ പാലന നിങ്ങൾക്ക് ചെയ്യണം. നിങ്ങളുടെ രചനയാണ്. ജോലിയിൽ നഷ്ടവും ലാഭവുമുണ്ടാകും. സത്യയുഗത്തിലാണെങ്കിൽ പ്രാപ്തിയാണ്. അവിടെ നഷ്ടത്തിന്റെ കാര്യമൊന്നുമില്ല. ഇവിടെ നിങ്ങൾ ശ്രീമതത്തിലൂടെ ഇത്രയും നേട്ടമുണ്ടാക്കുന്നു- 21 ജന്മം നഷ്ടത്തിന്റെ കാര്യമേയില്ല. പൂർണമായ ജ്ഞാനമെടുക്കുന്നില്ലെങ്കിൽ ചെറിയ പദവി ലഭിക്കും. ശ്രീമതത്തിലൂടെ നടന്ന് നഷ്ടോമോഹയായി മാറുകയാണെങ്കിൽ നല്ല പദവി ലഭിക്കും. അവർക്ക് അംഗീകാരവും ഇവിടെത്തന്നെയാണുള്ളത്. നമ്പർവാറനുസരിച്ച് ചക്രവർത്തിപദവി ലഭിക്കണമെന്നുണ്ടെങ്കിൽ മാതാവിനെയും പിതാവിനെയും ഫോളോ ചെയ്യണം. മാതാവും പിതാവും കർമം പഠിക്കുന്നു, പഠിപ്പിക്കുന്നു. ബാബ പറയുന്നു- ശ്രീമതത്തിലൂടെ നടക്കൂ, വികാരത്തിലേക്ക് പോകരുത്. പഥ്യത്തിലൂടെ ജീവിക്കൂ. യുക്തികൾ ധാരാളം പറഞ്ഞുതന്നുകൊണ്ടിരിക്കുന്നു. ബാബ അവിനാശി സർജനാണ്. ബാക്കിയെല്ലാവരും രോഗികളാണ്. നിങ്ങൾ സഹായികളായി മാറുന്നു. നിങ്ങൾ നമ്പർവാറനുസരിച്ച് അസിസ്റ്റന്റ് സർജന്മാരാണ്. ഏറ്റവും തീവ്രമായ അവിനാശി സർജൻ ശിവബാബ ഒന്നു മാത്രമാണ്. സർജന്മാരിലും നമ്പർ വാറുണ്ട്. ചിലർ ലക്ഷം സമ്പാദിക്കും. ചിലർക്കാണെങ്കിൽ തന്റെ വയറുപോലും പൂർണ്ണമായി നിറക്കാൻ സാധിക്കില്ല. ചിലരാണെങ്കിൽ മുന്നോട്ടുപോകവേ ബാബയുടെ കൈ ഉപേക്ഷിക്കുന്നു. അവരെ പ്രതി പറയും -ഇവർ വളരെ അഴുക്കായ വസ്ത്രമാണ്. വളരെ ജന്മങ്ങളുടെ സംസ്കാരങ്ങൾ ആകർഷിക്കുമ്പോൾ ജ്ഞാനം ധാരണ ചെയ്യാൻ സാധിക്കില്ല. ജ്ഞാനത്തിന്റെ നിറം പകരുന്നില്ല. ഇത് ഡ്രാമയാണ്. ബാബ വരുന്നത് തന്നെ സുഖം നൽകുന്നതിനാണ്. സന്യാസിമാരെയും നിർവാണധാമിലേക്ക്, തന്റെ സെക്ഷനിലേക്ക് അയക്കും. ഭാരതത്തിന്റെ ആദിസനാതനദേവീദേവതാധർമം പ്രായലോപം സംഭവിച്ചു. തന്റെ ധർമത്തിലൂടെയും കർമത്തിലൂടെയും ഭ്രഷ്ടായി മാറി. ദേവീദേവതയെന്നു പറയുന്നവർ ആരും തന്നെയില്ല. ഇല്ലാതിരിക്കുമ്പോഴാണ് ഞാൻ വന്ന് സ്ഥാപന ചെയ്യുന്നത്. തീർച്ചയായും മറ്റു ധർമത്തിലുള്ള ആത്മാക്കൾക്ക് തിരിച്ചു പോകണം, മനുഷ്യർ മുക്തിധാമിലേക്കുപോകാനാഗ്രഹിക്കുന്നു. ബാബ പറയുന്നു-ഞാൻ ഇതിനു വേണ്ടിത്തന്നെയാണ് വന്നിട്ടുള്ളത്. അതുകൊണ്ട് കുട്ടികൾക്കു ചോദിക്കണം- എന്തേ ഞാൻ വളരെ പതീതമായിരിക്കുന്നുവോ, ധാരണ ഇല്ലാതിരിക്കുവാൻ. മമ്മയുടെയും ദാദയുടെയും സിംഹാസനധാരിയായി മാറാൻ സാധിക്കുന്നില്ലെങ്കിൽ ദാസനോ ദാസിയോ ആയിമാറും. ബാബ പറയുന്നു- ഞാൻ പതീതരെ പാവനമാക്കാൻ വന്നിരിക്കുകയാണ്. ഈ ശരീരത്തെ ആധാരമാക്കിയെടുത്തിരിക്കുകയാണ്, ഇല്ലെങ്കിൽ പതീതരെ എങ്ങനെ പാവനമാക്കി മാറ്റും. നിങ്ങൾ പറയും- ബാബയിലൂടെ ഞങ്ങൾ ദേവീദേവതയായി മാറിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ മാറിയിട്ടില്ല, പുരുഷാർഥികളാണ്. ശ്രീമതത്തിലൂടെ നടന്ന് ശ്രേഷ്ഠരായിമാറണം. ഈ ജ്ഞാനം ബാബ തന്നെയാണ് നൽകുന്നത്. ജ്ഞാനസാഗരനെന്നു ഒരു ഗോഡ്ഫാദറെ തന്നെയാണ് പറയുന്നത്. ബാബ തന്നെയാണ് മുഴുവൻ ബ്രഹ്മാണ്ഡത്തിന്റെയും മൂലവതനത്തിന്റെയും സൂക്ഷ്മവതനത്തിന്റെയും സ്ഥൂലവത്നത്തിന്റെയും സൃഷ്ടിയുടെ ആദിമധ്യാന്തത്തിന്റെയും വാർത്തകൾ കേൾപ്പിക്കുന്നത്. നിങ്ങളും നോളജ്ഫുളായി മാറൂ. ചിലരാണെങ്കിൽ നോളജ്ഫുളായി മാറുന്നു, ചിലരാണെങ്കിൽ പൂർണമായും ധാരണ ചെയ്യുന്നില്ല. അവരുടെ ഭാഗ്യത്തിലില്ല എന്നു മനസിലാക്കാം. നല്ല കുട്ടികൾ പൂർണമായും പുരുഷാർഥം ചെയ്യുന്നു, തുടക്കത്തിൽ ഇവർക്ക് 14 വർഷത്തെ ഭട്ടിയുണ്ടായിരുന്നു. വസ്ത്രം അലക്കിയലക്കി എത്ര പേർ വെളുത്തവരായി മാറി. ചിലർ പൊട്ടിപ്പോയി. ചിലർ അഴുക്കഴുക്കായി തന്നെ ഇരിക്കുന്നു. ഇന്നത്തെ കാലത്താണെങ്കിൽ 7 ദിവസം പ്രയാസപ്പെട്ടാണിരിക്കുന്നത്. ആദ്യം പൂർണമായ ഭട്ടിയായിരുന്നു, ഭട്ടിയില്ലായിരുന്നെങ്കിൽ നിങ്ങളെങ്ങനെ തയ്യാറാകും. ഇഷ്ടിക ചൂളയിലല്ലേ പാകപ്പെടുക. പിന്നീട് ചിലത് പാകപ്പെടാതെയിരിക്കുന്നു, ചിലത് പൊട്ടിപ്പോകുന്നു. ഇവിടെയും ഇങ്ങനെയാണ്. ധാരാളം വസ്ത്രങ്ങൾ കീറിപ്പോകുന്നു. ശ്രീമതത്തിലൂടെ നടക്കില്ലെങ്കിൽ ശുദ്ധമാകില്ല. ഇപ്പോൾ ആത്മാക്കളുടെ എൻഗേജ്മെന്റ് പരംപിതാപരമാത്മാവിനൊപ്പം ചെയ്തിരിക്കുന്നു. ശിവബാബ പറയുന്നു-ഞാനാണെങ്കിൽ സദാ പവിത്രമാണ്. എന്നെ ഓർമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങൾ പാവനമായി മാറും. കുടുംബത്തിലിരുന്നും ഈ പ്രാക്ടീസ് ചെയ്യൂ. ആരാണോ നല്ല കുട്ടികൾ അവർ പെട്ടെന്ന് പ്രാക്ടീസ് ചെയ്യുന്നു , സന്തോഷത്തിലിരിക്കുന്നു. രാത്രിയിൽ ഉണർന്നും തന്റെ ആത്മാവിനെ കഴുകുന്നു. മനസിലാക്കുന്നു- പവിത്രമായി മാറുകയാണെങ്കിൽ വസ്ത്രവും പവിത്രമായതു ലഭിക്കും. അതുകൊണ്ട് ബാബ പറയുന്നു- നിദ്രയെ ജയിക്കുന്നവരായി മാറൂ. ബാബയെ ഓർമിക്കൂ. അപ്പോൾ ആത്മാവ് പവിത്രമായി മാറും. അമൃതവേളാ സമയം വളര നല്ലതാണ് . ആ സമയം ഓർമിക്കാനുള്ള നിർദേശം നൽകുന്നു. ഉറക്കം വരുകയാണെങ്കിൽ കണ്ണിലെണ്ണയൊഴിക്കൂ. അർത്ഥം പുരുഷാർഥം ചെയ്യൂ. ശ്രീമതം ലഭിച്ചു ഓർമിക്കുന്നതിന്. മായ കൊടുങ്കാറ്റ് കൊണ്ടുവരും. പക്ഷേ നിങ്ങൾ ബാബയെ ഓർമിക്കൂ.ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1. ശ്രീമത്തിലൂടെ പൂർണമായും നഷ്ടോമോഹയായി മാറണം. പഥ്യത്തോടും യുക്തിയോടും ജീവിക്കണം. രജിസ്റ്റർ മോശമാക്കി മാറ്റരുത്.

2.നിദ്രയെ ജയിക്കുന്നവരായി മാറി അമൃതവേളയിൽ വിശേഷിച്ചും ആത്മാവിനെ ശുദ്ധമാക്കുന്നതിനു വേണ്ടി ബാബയുടെ ഓർമയിലിരിക്കണം. ജ്ഞാനയോഗത്തിലൂടെ ആത്മാവിനെ പാവനമാക്കി മാറ്റണം.

**വരദാനം:– ഒറ്റ സങ്കൽപത്തിൽ സ്ഥിതി ചെയ്ത് മഹാതീർത്ഥത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഉത്തരവാദിത്വമുള്ള ആത്മാവായി ഭവിക്കട്ടെ.**

ഈ ആബു വിശ്വത്തിനുവേണ്ടിയുള്ള ലൈറ്റ് ഹൗസാണ്. ഈ മഹാതീർത്ഥത്തിന്റെ പ്രത്യക്ഷത ചെയ്യുന്നതിന് വേണ്ടി എല്ലാ ബ്രാഹ്മണ മക്കൾക്കും ഒറ്റ സങ്കൽപമായിരിക്കണം അതായത് ഓരോ ആത്മാവിനും ഇവിടെ നിന്ന് അഭയം ലഭിക്കണം. എല്ലാവരുടെയും നന്മയുണ്ടാകണം. എപ്പോൾ ഈ ശുഭകാമനകളുടെ ദീപം ഓരോരുത്തരുടെയും ഉള്ളിൽ ജ്വലിക്കുന്നുവോ, എല്ലാവരുടെയും സഹയോഗം ഉണ്ടോ അപ്പോൾ കാര്യത്തിൽ സഫലതയുണ്ടാകും. എല്ലാവരുടെയും മനസ്സിൽ നിന്ന് ഈ ശബ്ദം പുറപ്പെടണം, അത് എന്റെ ഉത്തരവാദിത്വമാണ്. എപ്പോൾ ഓരോരുത്തരും അങ്ങനെയുള്ള ഉത്തരവാദിയെന്ന് മനസ്സിലാക്കുന്നുവോ അപ്പോൾ പ്രത്യക്ഷതയുടെ കിരണങ്ങൾ ബാബയുടെ വീട്ടിൽ നിന്ന് നാല് ഭാഗത്തും വ്യാപിക്കും.

**സ്ലോഗൻ:– അന്തർമുഖതയുടെ വിശേഷതയെ ധാരണ ചെയ്യൂ എങ്കിൽ സർവ്വരുടെയും ആശീർവ്വാദങ്ങൾ ലഭിച്ചുകൊണ്ടിരിക്കും.**